**ദനഹാക്കാലം ഏഴാം ഞായർ**
**യോഹ 6:47-59**

## നിത്യജീവൻ നൽകുന്ന ദിവ്യകാരുണ്യം

ഫാ. വിൻസെന്റ് ഇടക്കരോട്ട് MCBS

ഗൂഗിളിൽ life expectancy in India എന്ന സേർച്ച് ചെയ്താൽ കിട്ടുന്ന കണക്ക് 69.66 വർഷം എന്നാണ്. അതായത് ഏകദേശം 25,425 ദിവസം മാത്രം. ഇനി ഒരു ശാശരി കേരളീയന്റെ ആയുർദൈർഘ്യം ഏതാണ്ട് 75.2 വർഷം എന്നാണ് പറയുന്നത്. അതായത് 27,448 ദിവസങ്ങൾ മാത്രം. ആകുലപ്പെടുത്താനോ നിരാശയിലേക്ക് ആഴ്ത്താനോ അല്ല ഈ ജീവിതക്കണക്ക്. ഈ കണക്ക് പറയാൻ നമുക്ക് അവകാശമില്ലായെങ്കിലും നമ്മുടെയൊക്കെ ജീവിതം ഇത്ര ക്ഷണികമാണെന്ന് ചിന്തിക്കാൻ, നമ്മുടെയൊക്കെ തലക്കനം ഒരല്പമെങ്കിലും കുറയ്ക്കാൻ ഈ കണക്കുപറച്ചിൽ നല്ലതുതന്നെ. പ്രത്യേകിച്ച് കോവിഡ് രൂപം മാറി ഒമിക്രോണായി നമ്മുടെ മുമ്പിൽ താണ്ഡവമാടുമ്പോൾ മനുഷ്യന്റെ നിസ്സാരതയൊക്കെ മനസ്സിലാക്കാൻ ഇതുതന്നെ ധാരാളമല്ലേ.

ചില നാട്ടുവർത്തമാനങ്ങൾ പോലെ, ജീവിതം എന്തായാലും ഒന്നേ ഉള്ളൂ; അതും വളരെ ചെറിയ കാലം. അതുകൊണ്ട് പരസ്പരം സ്നേഹിച്ചും സഹകരിച്ചും സന്തോഷിച്ചും ജീവിക്കാം. നമ്മുടെയൊക്കെ ശ്വാസം ഒരിക്കൽ നിലയ്ക്കും എന്നതു തീർച്ചയാണ്. പക്ഷേ വിശ്വാസം നമ്മുടെ വരുംതലമുറകളിലൂടെ പ്രഘോഷിക്കപ്പെടണം. ജീവിതം എന്നും നശ്വരമാണ്. എന്നാൽ അനശ്വരമായ നിത്യജീവനെ ലക്ഷ്യമാക്കി നമുക്ക് യാത്ര തുടരാം.

ഇന്നത്തെ തിരുവചനവും നമുക്കു നൽകുന്ന സന്ദേശം ഇതുതന്നെ; നിരാശയും ഭയപ്പാടുമെല്ലാം ജീവിതത്തെ അസ്വസ്ഥപ്പെടുത്തുന്നെങ്കിലും നിത്യജീവൻ നൽകുന്ന പരിശുദ്ധ കുർബാനയായവൻ കൂടെയുണ്ട് എന്നുള്ളതാണ് ബലം. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ പഠിപ്പിക്കുന്നതുപോലെ ക്രൈസ്തവജീവിതത്തിന്റെ ശക്തിയും ഓജസും വിശുദ്ധ കുർബാനയാണ്. മരണുറപ്പായ നമുക്കു നിത്യജീവൻ നൽകുന്നത് ഈ ദിവ്യകാരുണ്യമല്ലേ. കഴിഞ്ഞ നാളുകളിൽ നമുക്ക് ദിവ്യകാരുണ്യവും മറ്റു കൂദാശകളും അകറ്റി നിർത്തേണ്ടിവന്ന സാഹചര്യങ്ങളിൽ മനസ്സുനൊന്തുപോയ ദിവസങ്ങളില്ലേ? കുമ്പസാരിക്കാനും വിശുദ്ധ കുർബാന സ്വീകരിക്കാനും കഴിഞ്ഞിരുന്നെങ്കിൽ എന്നു കൊതിച്ചിരുന്ന നാളുകൾ. അതുകൊണ്ട് ഇനിയെങ്കിലും നിത്യജീവൻ ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, ആത്മീയകൃത്യങ്ങൾ ഇവയൊരിക്കലും അവസരങ്ങളും സാഹചര്യങ്ങളും ഉണ്ടെങ്കിൽ നഷ്ടമാക്കരുതെന്ന് വചനാടിസ്ഥാനത്തിൽ ഈ കാലഘട്ടം നമ്മെ പഠിപ്പിക്കുന്നു.

വിശുദ്ധ ഹെന്റി ന്യൂമാൻ ആംഗ്ലിക്കൻ സഭ ഉപേക്ഷിച്ച് കത്തോലിക്കാസഭയെ ആശ്ലേഷിക്കാൻ തീരുമാനിച്ചപ്പോൾ ചില സുഹൃത്തുക്കൾ അദ്ദേഹത്തെ തീരുമാനത്തിൽനിന്ന് പിൻതിരിപ്പിക്കാൻ ശ്രമിച്ചു. ആംഗ്ലിക്കൻ പുരോഹിതനായിരിക്കെ അദ്ദേഹത്തിന് കിട്ടുന്ന നാലായിരം പവൻ നഷ്ടപ്പെടുത്തരുതേ എന്നായിരുന്നു അവരുടെ വാദം. അതിന് ഉത്തരമായി ന്യൂമാൻ പറഞ്ഞു: നാലായിരം പവൻ ഒരു ദിവ്യകാരുണ്യസ്വീകരണത്തോട് തുലനം ചെയ്യുമ്പോൾ എത്ര നിസാരമെന്ന്. അതുകൊണ്ട് നമ്മുടെ ജീവിതസൗഭാഗ്യങ്ങളും സുഖസൗകര്യങ്ങളും പരിശുദ്ധ കുർബാനയോട് തുലനം ചെയ്യുമ്പോൾ അതെല്ലാം നിസാരമാണെന്ന തിരിച്ചറിവായിരിക്കണം ഒരു ക്രൈസ്തവന്റെ നേട്ടം.

അതിനാൽ സ്വർഗത്തിൽ നിന്നിറങ്ങിയ നിത്യജീവൻ നൽകുന്ന അനശ്വര അപ്പത്തിനായി, ദിവ്യകാരുണ്യത്തിനായി നമുക്ക് ഒരുങ്ങാം. കരുണ ചൊരിഞ്ഞ് പരിപാലിക്കുന്ന നാഥനിൽ ആശ്രയിച്ച് മുന്നേറാം. നമ്മുടെ ചെറിയ പ്രാർത്ഥനകൾക്ക്, പരിത്യാഗങ്ങൾക്ക്, സുകൃതങ്ങൾക്ക്, ജപമാല പ്രാർത്ഥനകൾക്ക്, ആത്മീയ അനുഷ്ഠാനങ്ങൾക്ക് നിത്യജീവന്റെ മൂല്യം പകരാനാകുമെന്ന് മറക്കാതിരിക്കാം.